പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6333 08.07.2014 ൽ മറുപടിക്ക്

## റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കാൻ കാണിയ്ക്കുന്ന വിമുഖത

| ചോദ്യം<br>ശ്രീമതി കെ.എസ്.സലീഖ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) വിവിധ അപകടങ്ങളിൽപ്പെട്ട് പരിക്കേറ്റ് റോഡുകളിൽ കിടക്കുന്നവരെ യഥാസമയം ആശുപത്രിയിൽ എത്തിക്കാൻ പൊതുജനങ്ങളും ചില സ്ഥലങ്ങളിൽ പോലീസും വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൊതുജനങ്ങളുടെ ഭാഗത്തുനിന്നുള്ള വിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ ഇത്തരം സംഭവങ്ങളിൽ ഇടപെടുന്ന പൊതുജനങ്ങൾക്ക് പ്രോത്സാഹനവും, നിയമകുരുക്കുകളിൽ നിന്ന് സംരക്ഷണവും പാരിതോഷികങ്ങളും നൽകുവാൻ വകുപ്പ് എന്തു നടപടി സ്വീകരിയ്ക്കും എന്ന് വ്യക്തമാക്കുമോ; | (ബി) ഇത്തരം കേസുകളിൽ സഹായിക്കുന്ന പൊതുജനങ്ങൾക്ക്. പ്രോത്സാഹനം എന്ന നിലയിൽ ധന സഹായം നൽകി വരുന്നുണ്ട്. റോഡപകടങ്ങളിൽ പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നവരെ കേസിൽ സാക്ഷി ആക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി 25.01.2009-ലെ, 6/09 നമ്പർ സർക്കുലർ പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| സി) അപകടം അറിഞ്ഞ ശേഷം യഥാസമയം പോലീസ് സേവനം ലഭ്യമാകാത്തത് സംബന്ധിച്ച് എത്ര പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; അവർ ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ; | സി) പോലീസ് സേവനം ലഭ്യമാകാത്തത് സംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ഡി) അപകടം അറിഞ്ഞശേഷം യഥാസമയം സേവനം ലഭ്യമാക്കാത്ത പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്തി മാതൃകാപരമായ ശിക്ഷ നൽകുവാൻ ഈ സർക്കാർ പുതിയതായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) ഇത്തരം കേസ്സുകൾ ശ്രദ്ധയിൽ പ്പെടുകയാണെങ്കിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ